**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**22-06-2021**

## കാർഷികവാർത്തകൾ

1. ഞാറ്റു വേലച്ചന്തകളുടേയും കർഷകസഭകളുടേയും ഉൽഘാടനം ഇന്ന് തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറം പാടശേഖരത്ത് വിത്ത് വിതച്ചുകൊണ്ട് കർഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ അദ്ധ്യക്ഷത വഹിക്കും

**2. കെ എ യു മൈക്രോ മിക്സ്**

കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത തെങ്ങിന്റെ മൈക്രോ മിക്സ് തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിലെ വിപണന കേന്ദ്രത്തിൽ ലഭ്യമാണ്. തെങ്ങിനാവശ്യമായ സൂക്ഷ്മ പോഷണങ്ങളടങ്ങിയ ഈ മൈക്രോമിക്സ് ഇടവപ്പാതിയുടേയോ തുലാവർഷത്തിന്റേയോ ആരംഭഘട്ടത്തിൽ തടം എടുത്തതിനു ശേഷം പൂർണ വളർച്ചയെത്തിയ തെങ്ങിന് ഒരു കിലോ ഗ്രാം എന്ന തോതിൽ മണ്ണിൽ നേരിട്ട് നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനുമായി ഇനി പറയുന്ന നമ്പരിൽ വിളിക്കാവുന്നതാണ് – **0471- 2383572**

**3. കർഷകർക്ക് ഹ്രസ്വകാലവായ്പ**

കേരള ഗ്രാമീൺ ബാങ്ക് വഴി ഏഴ് ശതമാനം പലിശനിരക്കിലും പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 6.4 ശതമാനം പലിശനിരക്കിലും കർഷകർക്ക് ഹ്രസ്വകാല വായ്പ്പ നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

**4. അറിയിപ്പ്**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ് എന്നീ കോഴ്സുകൾക്ക് 2021-22 വർഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. ജൂലൈ 15-ന് മുമ്പ് https://onlineadmission.ignou.ac.in/admission/ എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **9495000930, 9400608493.**

**ഓൺലൈൻ പരിശീലനങ്ങൾ**

5. റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഓൺലൈൻ പരിശീലനം നടത്തുന്നു. ഇന്ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടുക.

6. ഓച്ചിറ ക്ഷീരോൽപ്പന്ന നിർമാണ പരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് രാവിലെ 11 മണി മുതൽ മൂല്യവർദ്ധിത ക്ഷീരോൽപന്നമായ പനീറിന്റെ പോഷകഗുണങ്ങൾ, ആയതിന്റെ നിർമ്മാണരീതി, വിപണന സാധ്യതകൾ എന്നിവയെക്കുറിച്ച് ക്ഷീരോൽപാദകർക്കും ഉപഭോക്താക്കൾക്കും സംരംഭകർക്കുമായി ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നൽകുന്നു. ക്ലാസിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഇന്ന് രാവിലെ 10 മണി വരെ ഫോൺ മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും

രജിസ്ട്രേഷനും ആയി ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. 0 4 7 6 2 6 9 8 5 5 0, 8 0 7 5 0 2 8 8 6 8.

7. വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള 'തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്ര'ത്തിൽ വച്ച് ഇന്ന് **ആദായകരമായ പാലുൽപാദനത്തിന് തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ക്ഷീരകർഷകർക്കായി ഗൂഗിൾ മീറ്റ് മുഖേന പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇനി പറയുന്ന ഫോൺ നമ്പരിലോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: **940083181**, ഇ-മെയിൽ: sfftraining2021@gmail.com.

8. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് കാട വളർത്തൽ, എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522711.**

9. **തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** വച്ച് നാളെ എരുമവളർത്തൽ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471–2732918**, **9188522701** എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

10. **വാഴകർഷകരുടെ ശ്രദ്ധയ്ക്ക്**

താഴ്ന്ന പ്രദേശങ്ങളിലെ വാഴ തോട്ടങ്ങളിൽ നീർവാർച്ചാ സൌകര്യം ഉറപ്പ് വരുത്തുക. വാഴയിൽ ഇലപ്പുള്ളി രോഗത്തിനു പ്രതിരോധമായി ഇരുപതു ഗ്രാം സ്യൂഡോമോണാസ് ഒരു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിയ്ക്കുക. ഇലപ്പുള്ളി രോഗം കാണുകയാണെങ്കിൽ ഒരു മില്ലി ലിറ്റർ ഹെക്സാകൊണാസോൾ അല്ലെങ്കിൽ ഒരു മില്ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവന